# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.02.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ആദിവാസി സമൂഹങ്ങളുടെ ഉന്നമനത്തിലൂടെ മാത്രമേ രാഷ്ട്ര വികസനം പൂർണ്ണമാകൂ എന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu said the country will become developed only if tribal community is uplifted.**

2. 2030 ഓടെ രാജ്യത്തെ ടെക്സ്റ്റൈൽ മേഖല 9 ലക്ഷം കോടി രൂപയുടെ വാർഷിക കയറ്റുമതി ലക്ഷ്യം കൈവരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Textile sector in the country will achieve annual exports target of 9 lakh crore rupees by 2030; Says Prime Minister Narendra Modi.**

3. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ ഇന്ത്യ - മിഡിൽ ഈസ്റ്റ് - യൂറോപ്പ് സാമ്പത്തിക ഇടനാഴി, ഇന്ത്യ - മ്യാൻമർ - തായ്‌ലൻഡ് ത്രിലാറ്ററൽ ഹൈവേ എന്നിവയ്ക്കായുള്ള പരസ്പര സഹകരണം ഏറെ പ്രാധാന്യം അർഹിക്കുന്നതാണെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ.

   **External Affairs Minister S Jaishankar highlights collaborative spirit of India-Middle East-Europe Economic Corridor and India-Myanmar-Thailand Trilateral Highway in Indian Ocean region.**

4. അതിർത്തി സുരക്ഷാ സേനയും ബംഗ്ലാദേശ് അതിർത്തി രക്ഷാ സേനയും തമ്മിലുള്ള 55-മത് ഡയറക്ടർ ജനറൽ തല- ബോർഡർ കോർഡിനേഷൻ സമ്മേളനത്തിന് ഇന്ന് ഡൽഹിയിൽ തുടക്കം.

**55th Director General level meeting between the Border Security Force and Border Guard Bangladesh will begin today in New Delhi.**

5. വയനാട് പുനരധിവാസത്തെ കുറിച്ച് ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഇന്ന് തിരുവനന്തപുരത്ത് യോഗം ചേരും.

**A meeting will be held under the leadership of Chief Minister Pinarayi Vijayan today in Thiruvananthapuram to discuss Wayanad rehabilitation.**

6. രഞ്ജി ട്രോഫി ക്രിക്കറ്റ് സെമി ഫൈനൽ മത്സരങ്ങളിൽ ഇന്ന് കേരളം, ഗുജറാത്തിനെയും മുംബൈ, വിദർഭയെയും നേരിടും.

**In Ranji Trophy cricket semi-final matches, Kerala will take on Gujarat and Mumbai will face Vidarbha today.**

**&&&&&&&&&&&&&&&&&&&&**

## PREZ - AADI MAHOTSAV ( INTRO )

ആദിവാസി സമൂഹങ്ങളുടെ ഉന്നമനത്തിലൂടെ മാത്രമേ രാഷ്ട്ര വികസനം പൂർണ്ണമാകൂ എന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ദേശീയ ഗോത്രോത്സവമായ 'ആദി മഹോത്സവം 2025' ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. ആദിവാസി സമൂഹത്തിന്റെയാകെ വികസനത്തിനായി കഴിഞ്ഞ 10 വർഷത്തിനിടെ നിരവധി ഫലപ്രദമായ നടപടികൾ സ്വീകരിച്ചതായി രാഷ്ട്രപതി പറഞ്ഞു.

(വോയിസ്...)

ഇന്ത്യയിലെ ആദിവാസി സമൂഹങ്ങളുടെ ഊർജ്ജസ്വലമായ സംസ്കാരം, പൈതൃകം, സാമ്പത്തിക മുന്നേറ്റം എന്നിവ ആഘോഷിക്കാനും പ്രദർശിപ്പിക്കാനും ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന ആദി മഹോത്സവം ഈ മാസം 24 ന് സമാപിക്കും.

&&&&&&&&&&&&&&&&&&&

## VP- VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് പഞ്ചാബ് സന്ദർശിക്കും. മൊഹാലിയിലെ നാഷണൽ അഗ്രി-ഫുഡ് ആൻഡ് ബയോമാനുഫാക്ചറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ അദ്ദേഹം മുഖ്യാതിഥിയാകും. ചണ്ഡീഗഢിലും മൊഹാലിയിലും വിവിധ പരിപാടികളിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&&&&&&&&

## CHIEF ELECTION COMMISSIONER

മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറെ തെരഞ്ഞെടുക്കുന്നതിന് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ഇന്ന് സെലക്ഷൻ കമ്മിറ്റി യോഗം ചേരും. ആഭ്യന്തര മന്ത്രി അമിത് ഷാ യും, പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും യോഗത്തിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&

## PM - BHARATH TEX (INTRO)

2030 ഓടെ രാജ്യത്തെ ടെക്സ്റ്റൈൽ മേഖല 9 ലക്ഷം കോടി രൂപയുടെ വാർഷിക കയറ്റുമതി ലക്ഷ്യം കൈവരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ ഭാരത്

മണ്ഡപത്തിൽ ഭാരത് ടെക്സ് 2025 നെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ മോദി.

(ഹോൾഡ് – വോയിസ്)

പരമ്പരാഗത ഇന്ത്യൻ വസ്ത്രങ്ങളുടെ പ്രദർശനത്തിലൂടെ രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യമാണ് ഭാരത് ടെക്സ് പരിപാടിയിൽ പ്രകടമാകുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. ടെക്സ്റ്റൈൽ വ്യവസായത്തിലെ ഏറ്റവും വലുതും സമഗ്രവുമായ പരിപാടിയാണ് ഭാരത് ടെക്സ് 2025. വെള്ളിയാഴ്ച ആരംഭിച്ച ഭാരത് ടെക്സ് ഇന്ന് സമാപിക്കും.

**&&&&&&&&&&&&&&&&&&&**

## DELHI- BJP MEETING

ബിജെപി നിയമസഭാ കക്ഷി യോഗം ഇന്ന് ന്യൂഡൽഹിയിൽ നടക്കും. പുതുതായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ എംഎൽഎമാരും ഡൽഹി ബിജെപിയിലെ മുതിർന്ന നേതാക്കളും യോഗത്തിൽ പങ്കെടുക്കും. ഡൽഹി പുതിയ മുഖ്യമന്ത്രിയുടെ പേര് യോഗത്തിൽ അന്തിമമാക്കാൻ സാധ്യതയുണ്ട്. ഡൽഹി തിരഞ്ഞെടുപ്പ് ഫലത്തിന് ശേഷം, പുതിയ സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട് ദേശീയ തലസ്ഥാനത്ത് തിരക്കേറിയ ചർച്ചകൾ നടന്നുവരികയാണ്.

**&&&&&&&&&&&&&&&&&&&**

## BSF BGB CONFERENCE

അതിർത്തി സുരക്ഷാ സേനയും ബംഗ്ലാദേശ് അതിർത്തി രക്ഷാ സേനയും തമ്മിലുള്ള 55-മത് ഡയറക്ടർ ജനറൽ തല- ബോർഡർ

കോർഡിനേഷൻ സമ്മേളനത്തിന് ഇന്ന് തുടക്കം. ബിഎസ്എഫിന്റെ നേതൃത്വത്തിൽ ഡൽഹിയിൽ നടക്കുന്ന സമ്മേളനത്തിൽ, അതിർത്തിയുമായി ബന്ധപ്പെട്ട വിഷയങ്ങളും അതിർത്തി രക്ഷാ സേനകൾ തമ്മിലുള്ള മികച്ച ഏകോപനത്തിനുള്ള മാർഗ്ഗങ്ങളും ചർച്ചയാകും. ഈ മാസം 20 വരെയാണ് സമ്മേളനം. അതിർത്തി കടന്നുള്ള കുറ്റകൃത്യങ്ങളും ബിഎസ്എഫ് ഉദ്യോഗസ്ഥർക്കും ഇന്ത്യൻ പൗരന്മാർക്കും നേരെ ബംഗ്ലാദേശ് ആസ്ഥാനമായുള്ള അക്രമികൾ നടത്തുന്ന ആക്രമണവും എങ്ങനെ തടയാം എന്നതിനെക്കുറിച്ചും ചർച്ചകൾ നടക്കും.

&&&&&&&&&&&&&&&&&&&

## DELHI- EARTHQUAKE

രാജ്യ തലസ്ഥാനമായ ഡൽഹിയിൽ ശക്തമായ ഭൂചലനം അനുഭവപ്പെട്ടു. റിക്ടർ സ്കെലിൽ 4 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഇന്ന് പുലർച്ച 5.36 നാണ് ഉണ്ടായത്. ധൗലക്വാ മേഖലക്ക് സമീപമാണ് ഭൂകമ്പം അനുഭവപ്പെട്ടത്. ഭൂനിരപ്പിൽ നിന്ന് 5 കിലോമീറ്റർ ആഴത്തിലാണ് ഭൂകമ്പ- കേന്ദ്രമെന്ന് നാഷണൽ സെന്റർ ഫോർ സീസ്മോളജി അറിയിച്ചു. ഭൂകമ്പം വ്യാപകമായ പരിഭ്രാന്തി സൃഷ്ടിച്ചെങ്കിലും, ആളപായമോ സ്വത്തുക്കൾക്ക് നാശനഷ്ടമോ ഇതുവരെ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല.

&&&&&&&&&&&&&&&&&&&

## FRANCE-EU SUMMIT-UKRAINE

യുക്രെൻ സംഘർഷവുമായി ബന്ധപ്പെട്ട് ഇന്ന് നടക്കുന്ന അടിയന്തര ഉച്ചകോടിക്ക് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോ

ആതിഥേയത്വം വഹിക്കും. ബ്രിട്ടിഷ് പ്രധാനമന്ത്രിയും യൂറോപ്യൻ നേതാക്കളും ഉച്ചകോടിയിൽ പങ്കെടുക്കും. യുക്രൈനോടുള്ള യു.എസിന്റെ സമീപനത്തിലെ മാറ്റവും അതുമായി ബന്ധപ്പെട്ട് യൂറോപ്യൻ ഭൂഖണ്ഡത്തിന്റെ സുരക്ഷയ്ക്ക് ഉണ്ടാകാവുന്ന അപകടസാധ്യതകളും യോഗത്തിൽ ചർച്ചയാകും. ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസ്, ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി തുടങ്ങിയ നേതാക്കൾ ഉച്ചകോടിയിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

&&&&&&&&&&&&&&&&&&&

## KUMBH MELA- SPECIAL TRAIN

മഹാ കുംഭമേള സമയത്തെ അധിക തിരക്ക് ഒഴിവാക്കുന്നതിനായി ഡൽഹിയിൽ നിന്ന് പ്രയാഗ്‌രാജിലേക്ക് ഉത്തര മേഖലാ റെയിൽവേയുടെ നാല് പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തി. ഇന്ന് അഞ്ച് പ്രത്യേക ട്രെയിനുകൾ കൂടി ഏർപ്പെടുത്തിയിട്ടുണ്ട്. അതിനിടെ ന്യൂഡൽഹി റെയിൽവേ സ്റ്റേഷൻ അപകടത്തിൽ റെയിൽവേ അന്വേഷണം പുരോഗമിക്കുകയാണ്. റെയിൽവേ സ്റ്റേഷനിൽ തിക്കിലും തിരക്കിലും പെട്ട് 18 പേരാണ് മരിച്ചത്. അപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് റെയിൽവേ 10 ലക്ഷം രൂപ വീതം നഷ്ടപരിഹാരം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപയും, ഗുരുതരമായി പരിക്കേറ്റവർക്ക് രണ്ടര ലക്ഷം രൂപയും നൽകുമെന്നും റെയിൽവേ അറിയിച്ചു.

&&&&&&&&&&&&&&&&&&&

## QATAR AMIR VISIT

ഖത്തർ അമീർ -ഷെയ്ഖ് തമിം ബിൻ ഹമദ് അൽ താനി രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ക്ഷണപ്രകാരമാണ് സന്ദർശനം. രാഷ്ട്രപതി ഭവനിൽ നാളെ അദ്ദേഹത്തിന് ആചാരപരമായ സ്വീകരണം നൽകും. സന്ദർശനത്തിൽ രാഷ്ട്രപതിയുമായും പ്രധാനമന്ത്രിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&&

## US - DEPORTEES

അമേരിക്കയിൽ നിന്നും അനധികൃത കുടിയേറ്റക്കാരുമായുള്ള മൂന്നാമത്തെ വിമാനം അമൃത്സർ വിമാനത്താവളത്തിൽ എത്തി. 112 പേരാണ് വിമാനത്തിലുണ്ടായിരുന്നത്. ഇന്നലെ രാത്രി 10 മണിക്ക് ശേഷമാണ് വിമാനം എത്തിയത്. ഇതു കൂടാതെ ശനിയാഴ്ച രാത്രിയും ഈമാസം അഞ്ചിനുമായി കുടിയേറ്റക്കാരുടെ രണ്ട് സംഘങ്ങളെ രാജ്യത്ത് എത്തിച്ചിരുന്നു.

&&&&&&&&&&&&&&&&&&&

## S.JAISHANKAR - OMAN (INTRO)

ഒമാനിൽ നടന്ന എട്ടാമത് ഇന്ത്യൻ മഹാസമുദ്ര സമ്മേളനത്തെ വിദേശ കാര്യമന്ത്രി എസ് ജയ്ശങ്കർ അഭിസംബോധന ചെയ്തു. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ ഇന്ത്യ - മിഡിൽ ഈസ്റ്റ് - യൂറോപ്പ് സാമ്പത്തിക ഇടനാഴി, ഇന്ത്യ - മ്യാൻമർ - തായ്‌ലൻഡ് ട്രൈലാറ്ററൽ ഹൈവേ എന്നിവയുമായുള്ള പരസ്പര സഹകരണം വിദേശകാര്യ മന്ത്രി എടുത്തുപറഞ്ഞു. ആഗോള വിഷയങ്ങളിൽ വലിയ മാറ്റങ്ങൾ നടക്കുന്ന സമയത്താണ് ഈ യോഗമെന്ന് അഭിപ്രായപ്പെട്ട കേന്ദ്രമന്ത്രി, പുതിയ ആശയങ്ങളിലൂടെ ലോകക്രമത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ പ്രകടിപ്പിക്കാൻ കഴിയുമെന്നും വ്യക്തമാക്കി.

(ഹോൾഡ്)

ഗ്ലോബൽ സൗത്ത് എന്ന ആശയത്തിൽ ഇന്ത്യക്ക് വിശ്വാസമുണ്ടെന്നും കണക്ടിവിറ്റി പദ്ധതികൾ സുതാര്യമായിരിക്കണമെന്നും വിദേശകാര്യമന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&&

## KERALA CM – WAYANAD

വയനാട് പുനരധിവാസത്തെക്കുറിച്ച് ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ യോഗം വിളിച്ചു. ഇന്ന് വൈകിട്ട് അഞ്ചിന് തിരുവനന്തപുരത്താണ് യോഗം. ഉരുൾപൊട്ടൽ ദുരന്തം നടന്ന മുണ്ടക്കൈ, ചൂരൽമല മേഖലകളുടെ പുനർനിർമാണത്തിനുള്ള കേന്ദ്ര വായ്പാവിനിയോഗം ഉൾപ്പെടെയുള്ള വിഷയങ്ങൾ യോഗത്തിൽ ചർച്ചയാകും.

&&&&&&&&&&&&&&&&&&&

## MoS V SOMANNA - KERALA VISIT

കേന്ദ്രബജറ്റ് ആശയ വിനിമയ പരിപാടിയിൽ പങ്കെടുക്കുന്നതിനായി കേന്ദ്ര റെയിൽവേ - ജൽശക്തി വകുപ്പ് സഹമന്ത്രി വി. സോമണ്ണ നാളെ കേരളത്തിലെത്തും. തിരുവനന്തപുരത്ത് നടക്കുന്ന പരിപാടിയിൽ വിവിധ മേഖലകളിലെ പ്രമുഖർ പങ്കെടുക്കും. കേന്ദ്രബജറ്റിലെ വിവിധ പ്രഖ്യാപനങ്ങൾ ചർച്ചയാകും.

&&&&&&&&&&&&&&&&&&&

## RANJI TROPHY

രഞ്ജി ട്രോഫി ക്രിക്കറ്റ് സെമി ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. അഹമ്മദാബാദിൽ കേരളം, ഗുജറാത്തിനെയും നാഗ്

പുരിൽ മുംബൈ, വിദർഭയെയും നേരിടും. രാവിലെ 9.30 മുതലാണ് മത്സരം.

&&&&&&&&&&&&&&&&&&&

## IPL 2025

ഇക്കൊല്ലത്തെ ഐപിഎൽ ക്രിക്കറ്റ് ടൂർണമെന്റിന്റെ ഉദ്ഘാടന മത്സരത്തിൽ നിലവിലെ ചാമ്പ്യൻമാരായ കൊൽക്കത്ത നൈറ്റ് റൈഡേഴ്സും, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും ഏറ്റുമുട്ടും. അടുത്തമാസം 22-ന് കൊൽക്കത്ത ഈഡൻ ഗാർഡൻസിലാണ് മത്സരം. ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് ബി.സി.സി.ഐ ആണ് ഇന്നലെ സമയക്രമം പ്രഖ്യാപിച്ചത്.

13 മൈതാനങ്ങളിൽ 65 ദിവസങ്ങളിലായി 74 മത്സരങ്ങളാണ് ഈ വർഷത്തെ ഐപിഎല്ലിൽ ഉണ്ടാകുക.

&&&&&&&&&&&&&&&&&&&

## WPL CRICKET

വനിതാ പ്രീമിയർ ലീഗ് ട്വന്റി - 20 ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ ഗുജറാത്ത് ജയന്റ്സിന് ജയം. യുപി വാരിയേഴ്സിനെ 6 വിക്കറ്റിനാണ് പരാജയപ്പെടുത്തിയത്. ഇന്ന് നടക്കുന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ്- റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. വഡോദരയിൽ രാത്രി 7:30 നാണ് മത്സരം.

&&&&&&&&&&&&&&&&&&&

## MANIYAR DAM

ആലപ്പുഴ ജില്ലയിൽ കാർഷിക മേഖലയിലെ പാടശേഖരങ്ങളോട് ചേർന്ന് കിടക്കുന്ന തോടുകളിൽ ഉപ്പിന്റെ അളവ്

ക്രമീകരിക്കുന്നതിന്റെ ഭാഗമായി മണിയാർ ഡാം രാവിലെ എട്ടിന് തുറക്കും. കക്കാട്ടാറിലും പമ്പയാറിന്റെ ചില പ്രദേശങ്ങളിലും ജലനിരപ്പ് ഉയരാൻ സാധ്യതയുണ്ട്. കക്കാട്ടാറിന്റെയും പമ്പയാറിന്റെയും തീരത്ത് താമസിക്കുന്നവരും മണിയാർ, പെരുനാട്, വടശ്ശേരിക്കര, റാന്നി, കോഴഞ്ചേരി, ആറന്മുള, ചെങ്ങന്നൂർ നിവാസികളും ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&&&

## SIVANKUTTY – RAGING

സ്കൂളുകളിൽ റാഗിങ് വിരുദ്ധ സെല്ലുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലെന്ന് കേരള വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി. സംസ്ഥാനത്തെ ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിങ് പോലുള്ള സംഭവങ്ങൾ നടക്കുന്നുണ്ട്. കുട്ടികളുടെ വിഷമങ്ങൾ സഹാനുഭൂതിയോടെ കേൾക്കാനും, കൂട്ടായി പ്രവർത്തിക്കാനും അധ്യാപകർക്ക് കഴിയണമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&